പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1982 | 22.01.2014 -ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷന്റെ മദ്യ വില്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. ആർ. രാജേഷ്<br>,, ജെയിംസ് മാത്യൂ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

---

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മദ്യ ഉപഭോഗം വർദ്ധിച്ചിട്ടും ബിവറേജസ് കോർപ്പറേഷന്റെ വില്പനയിൽ കുറവ് വന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; | (എ) | മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി എഫ്.എം. റേഡിയോ, സി.സി.ടി.വി, ടി.വി, മാസികകൾ തുടങ്ങിയ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും, റെയിൽവെ സ്റ്റേഷനിൽ അനൗൺസ്മെന്റിലൂടെയും, കെ.എസ്.ആർ.ടി.സി ബസുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരസ്യങ്ങൾ പതിച്ചും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നതിനാലും കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പനയിൽ വർദ്ധനവ് ഉണ്ടായിരുന്നെങ്കിലും, വർദ്ധനവിന്റെ നിരക്ക് നിലവിൽ -3 %ആയി തീരുകയും വിൽപ്പനയിൽ 19% കുറവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ഈ വർഷം ഇതിനകമുള്ള മദ്യ വില്പനയിലെ കുറവ് എത്ര കെയ്സ് മദ്യത്തിന്റേതാണ് ; | (ബി) | 2013-14 സാമ്പത്തിക വർഷത്തിലെ 2013 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പനയിൽ 2012-13 വർഷത്തിലെ ഇതേ കാലയളവിനെ അപേക്ഷിച്ച്, 4.90 ലക്ഷം കെയ്സുകളുടെ കുറവുണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മദ്യത്തിന്റെ വില കൂട്ടിക്കൊടുത്തതും സ്വാഭാവിക വില്പന വർദ്ധനയും പരിഗണിച്ചുകൊണ്ട് തന്നാണ്ടിൽ പ്രതീക്ഷിച്ച മദ്യ വില്പന എത്ര കോടിയുടേതായിരുന്നു. അതിൽ എത്ര കോടി രൂപയുടെ കുറവു വരുമെന്ന് കണക്കാക്കുന്നു; | (സി) | ഓരോ വർഷവും വിൽക്കേണ്ട മദ്യത്തിന്റെ അളവ് സംബന്ധിച്ച് പ്രത്യേക ലക്ഷ്യം നിശ്ചയിക്കാറില്ല. 01/08/2012 മുതലാണ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ റേറ്റ് കോൺട്രാക്റ്റിലെ പർച്ചേസ് വില ഉയർത്തിയത്. വില വർദ്ധിപ്പിച്ചതു കൊണ്ടോ, മറ്റേതെങ്കിലും കാരണങ്ങൾ കൊണ്ടോ മദ്യ വിൽപ്പന വർദ്ധിക്കുമെന്നോ കുറയുമെന്നോ ഉള്ള പഠനങ്ങളോ കണക്കുക്കൂട്ടലുകളോ നടത്തിയിട്ടില്ല. |
| (ഡി) | ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള കഴിഞ്ഞ അഞ്ചു വർഷത്തെ വരുമാനത്തിന്റെ പ്രവണതയുടെ അടിസ്ഥാനത്തിൽ തന്നാണ്ടിൽ എത്ര കോടി അധിക വരുമാനം ലഭിക്കേണ്ടതായിട്ടുണ്ടെന്ന് കണക്കാക്കുന്നു; ഇതിനകം ആനുപാതിക വരുമാന വർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | മദ്യവിൽപ്പന ഓരോ വർഷവും എത്രത്തോളം ഉണ്ടാകുമെന്നുള്ള പഠനങ്ങളൊന്നും നടത്തിയിട്ടില്ല. ഓരോ വർഷവും ബിവറേജസ് കോർപ്പറേഷൻ വിൽപ്പന നടത്തിയ മദ്യത്തിന്റെ കണക്കുകൾ പരിശോധിച്ചതിൽ, ഓരോ വർഷവും, മദ്യത്തിന്റെ വില്പനയിൽ, മുൻ വർഷത്തെ അപേക്ഷിച്ച് കുറവു കണ്ടുവരുന്നുണ്ട്. |
| (ഇ) | വ്യാജമദ്യ വർദ്ധനയാണ് വരുമാന നഷ്ടത്തിനിടയാക്കിയിട്ടുള്ളതെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ? | (ഇ) | വ്യാജമദ്യ വർദ്ധന ഉണ്ടായിട്ടുള്ളതായും, അതാണ് വരുമാന ചോർച്ചയ്ക്ക് ഇടയാക്കിയതെന്നും സർക്കാർ കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ